**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3279 — 24.06.2013 ൽ മറുപടിയ്ക്ക്

**കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.പി.വിൻസെന്റ് | | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കുളങ്ങളുടെയും ജല സ്രോതസ്സുകളുടെയും സംരക്ഷണത്തിലൂടെ ജൈവവൈവിധ്യം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വംശനാശം നേരിടുന്ന മത്സ്യസമ്പത്തിനെയും, സസ്യസമ്പത്തിനെയും സംരക്ഷിക്കുവാൻ എന്തൊക്കെ കർമ്മ പദ്ധതിയാണ് ബയോഡൈവേഴ്സിറ്റി ബോർഡ് നടപ്പിലാക്കുന്നത് ? | (ബി) സസ്യസമ്പത്തിനു വംശനാശം സംഭവിക്കാതിരിക്കാൻ, 'ജൈവവൈവിദ്ധ്യ-പൈതൃക സ്ഥാനങ്ങൾ' സംരക്ഷിക്കാനും, കാവുകൾ നിലനിർത്താനും പദ്ധതികളുണ്ട്. കൂടാതെ അപൂർവ്വവും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, വംശനാശ ഭീഷണി (RET-Rare, Endangered, Threatened) നേരിടുന്നതുമായ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി ബോർഡ് 'ശാന്തി സ്ഥൽ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.<br>നാടൻ മൽസ്യങ്ങളുടെ പ്രജനനത്തിനുള്ള പ്രകൃതിദത്ത സൗകര്യങ്ങൾ പുന:സ്ഥാപിക്കാനും, അക്കാലത്ത് മൽസ്യബന്ധനം നിയന്ത്രിക്കാനും ചില നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ